**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 801** **5.06.2018 -ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ബീച്ചുകളിലെ അടിസ്ഥാന സൗകര്യം**

ചോദ്യം

ശ്രീ.എസ്.ശർമ്മ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള ഒൻപത് ബീച്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന 450 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | എ) | പദ്ധതി നിർവ്വഹണം നടത്തുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരമാണ്. ആയതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പ് പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവൃത്തികൾ നടത്തി വരുന്നു. |
| ബി) | പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | ബി) | സാങ്കേതികാനുമതിയും ,NOC, CRZ ക്ലിയറൻസ് എന്നിവ ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളുടെ ടെൻഡർ നടപടി ആരംഭിക്കുന്നതാണ്. |
| സി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ? | സി) | CRZ ക്ലിയറൻസ് ലഭിച്ചാലുടൻ തന്നെ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ